## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4328** — **12-11-2019-ൽ മറുപടിക്ക്**

## സാഹസിക വിനോദ സഞ്ചാര സാധ്യതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>,, മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സാഹസിക വിനോദ സഞ്ചാര സാധ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | വിശാലമായ കടൽ തീരവും പർവ്വതങ്ങളും, കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദ സഞ്ചാരത്തിന് ഏറ്റവും അനുയോജ്യമായതാണ്. |
| (ബി) | സാഹസിക വിനോദ സഞ്ചാരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | അപകട രഹിത സാഹസിക ടൂറിസം നടപ്പിൽ വരുത്തുന്നതിനായി 14-10-2019-ലെ സഉ(കൈ) നം. 18/2019/ടൂറിസം പ്രകാരം "കേരള അഡ്വഞ്ചർ ആന്റ് ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസം സേഫ്റ്റി ആന്റ് സെക്യൂരിറ്റി ഗൈഡ് ലൈൻസ്" പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഗൈഡ് ലൈൻസിൽ രണ്ടാംഭാഗമായി സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾക്ക് വേണ്ട രജിസ്ട്രേഷൻ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഓൺ |

| | | | |
|---|---|---|---|
| | | | ലൈൻ പ്ലാറ്റ് ഫോമിൽ ചെയ്യുന്നതിനായുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന്റെ അവസാനഘട്ട പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>സാഹസിക ടൂറിസം മേഖലയിലെ ഗുണനിലവാരമുള്ള മാനവവിഭവ ശേഷി ഉറപ്പുവരുത്തുന്നതിനായി ശാസ്താംപാറയിൽ ഒരു അഡ്വഞ്ചർ അക്കാദമി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ്" അഡ്വഞ്ചർ ടൂറിസം കോഴ്സുകൾ തുടങ്ങുന്നതിനായി പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.<br>സാഹസിക ടൂറിസം മത്സരങ്ങൾ അന്തർദേശീയ നിലവാരത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി International Mountain Bike Challenge MTB Kerala, മലബാർ റിവർ ഫെസ്റ്റിവൽ തുടങ്ങിയ മത്സരങ്ങൾ ലോകനിലവാരത്തിൽ നടത്തുകയുണ്ടായി.<br>അഡ്വഞ്ചർ ടൂറിസം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വേളിയിലും, മലപ്പുറം ജില്ലയിലെ കോട്ടപ്പുറത്തും അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുകയുണ്ടായി.<br>കേരളത്തിലെ സാഹസിക ടൂറിസം |

| | | | |
|---|---|---|---|
| | | | മേഖലയെ മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡിഫൻസ് മിനിസ്ട്രിയുടെ കീഴിലുള്ള DGQA (quality assurance) മുപ്പതോളം വരുന്ന സംഘത്തെ 5 ദിവസം നീണ്ടുനിന്ന സാഹസിക ക്യാമ്പ് സംഘടിപ്പിക്കുവാൻ സാധിച്ചു. |
| (സി) | അഡ്വഞ്ചർ ടൂറിസം സൊസൈറ്റി, അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | സാഹസിക ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദ സഞ്ചാര മേഖലയായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് "കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി" ആരംഭിച്ചത്. അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | അഡ്വഞ്ചർ ടൂറിസം സൊസൈറ്റിക്ക് ഏതൊക്കെ മേഖലകളിൽ നിന്നാണ് വരുമാനം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | "കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി"യ്ക്ക് പ്രത്യേകമായ ഒരു ബഡ്ജറ്റ് ഹെഡ് നിലവിലില്ല. അതുകൊണ്ട് തന്നെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സ്വന്തമായി വരുമാനം കണ്ടെത്തുക എന്നതാണ് സൊസൈറ്റിയുടെ ലക്ഷ്യം. താഴെ പറയുന്ന മേഖലകളിൽ നിന്നാണ് |

| | | | |
|---|---|---|---|
| | | | സൊസൈറ്റിയുടെ വരുമാനം:<br>1. സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വേളി അഡ്വഞ്ചർ പാർക്കിൽ നിന്നുള്ള വരുമാനം.<br>2. സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രതിരോധ വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തെ അഡ്വഞ്ചർ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അഡ്വഞ്ചർ ടൂർ പാക്കേജുകൾ സംഘടിപ്പിക്കുന്നതിലൂടെയുള്ള വരുമാനം. |
| (ഇ) | സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഇ)<br>&<br>(എഫ്) | സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ 12 ഏക്കറോളം വരുന്ന സ്ഥലം അനിയോജ്യമാണെന്ന് കണ്ടെത്തി. അക്കാദമി തുടങ്ങാനുള്ള തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അക്കാദമി പ്രാവർത്തികമായാൽ കര, വ്യോമ, ജല മേഖലയിൽ വിവിധ അഡ്വഞ്ചർ ട്രെയിനിംഗ് കോഴ്സുകൾ നൽകുന്ന കേരളത്തിലെ ആദ്യ അക്കാദമിയാവും തിരുവനന്തപുരത്തെ ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി. സ്ഥലം ലഭ്യമാകുന്നതിനനുസരിച്ച് അക്കാദമിയുടെ തുടർ നടപടികൾ വേഗത്തിൽ |
| (എഫ്) | അഡ്വഞ്ചർ ടൂറിസം അക്കാദമി എവിടെ സ്ഥാപിക്കുമെന്നും, എന്നേക്ക് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതാണ്. അക്കാദമിയുടെ ഒന്നാം ഘട്ടം 2020 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## 1. സാഹസിക പ്രവർത്തനങ്ങൾക്ക് സുരക്ഷയും സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുക.

അപകട രഹിത സാഹസിക ടൂറിസം, എന്ന സർക്കാരിന്റെ ലക്ഷ്യം മുന്നിൽകണ്ട് സംസ്ഥാനത്തിന്റെ ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ചുള്ള സാഹസിക ടൂറിസം മാർഗ്ഗനിർദ്ദേശങ്ങൾ "കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി" തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങളും, രജിസ്ട്രേഷൻ സമ്പ്രദായവും അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇത് നടപ്പിലാക്കുന്നതിന്റെ നടപടികൾ ആരംഭിച്ചു.

## 2. സാഹസിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പുതിയ മേഖലകൾ തിരിച്ചറിയുകയും വികസിപ്പിക്കുകയും ചെയ്യുക;

സാഹസിക വിനോദ സഞ്ചാരത്തിന് അനുയോജ്യമായ കേരളത്തിലെ ഭൂപ്രകൃതിയെ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന സ്ഥലങ്ങളിൽ ആക്ടിവിറ്റികൾ തുടങ്ങുന്നതിനാവശ്യമായ ഫീസിബിലിറ്റി സ്റ്റഡി നടത്തി അനുകൂലമാണെന്ന് കണ്ടെത്തി.

1) മൂന്നാർ - പരാഗ്ലൈഡിംഗ്

2) അതിരപ്പള്ളി - റിവർ റാഫ്റ്റിംഗ്

3) ശാസ്താം പാറ - ടെൻറ് കാമ്പിംഗ്

4) നെയ്യാർ ഡാം - സൈക്ലിംഗ്

മേൽപ്പറഞ്ഞ ആക്ടിവിറ്റികൾ പ്രസ്തുത സ്ഥലങ്ങളിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ തുടങ്ങി. വിവിധ വകുപ്പുകളുടെ അനുമതി ലഭിക്കുന്ന മുറക്ക് ആക്ടിവിറ്റികൾ ആരംഭിക്കുന്നതാണ്.

## 3. അന്തർദേശീയവും ദേശീയവുമായ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുക.

കേരളം സാഹസിക മത്സരങ്ങൾക്ക് അനുയോജ്യമാണെന്ന് ലോകത്തെ മനസ്സിലാക്കിക്കുക എന്ന ലക്ഷ്യത്തോടെയാണ് "കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി" സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. പ്രധാനപ്പെട്ടവ താഴെപറയുന്നു.

1. മലബാർ റിവർ ഫെസ്റ്റിവൽ

2. ചാലിയാർ ചലഞ്ച്

3. ആംഗ്ലിംഗ് മത്സരം

4. ഇക്കോ റൺ

5. MTB KERALA

ഈ വർഷം ഡിസംബറിൽ നടക്കുന്ന MTB KERALA 2019 സൈക്ലിംഗ് മത്സരം അന്തർദേശീയ സംഘടനയായ UCI യുടെ ഭാഗമായി മാറിക്കഴിഞ്ഞു. MTB വിഭാഗത്തിൽ ഇന്ത്യയിൽ നിന്ന് ആദ്യമായാണ് ഒരു മത്സരം UCI ഭാഗമാകുന്നത് എന്നത് നമുക്ക് അഭിമാനിക്കാവുന്നതാണ്.

**4. <u>കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയ്ക്ക് വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക</u>**

സ്ഥലം ലഭിക്കുന്ന മുറക്ക് കേരളത്തിലെ 14 ജില്ലകളിലും അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം. തിരുവനന്തപുരം ജില്ലയിലെ വേളിയിലും മലപ്പുറം ജില്ലയിലെ കോട്ടപ്പുറത്തും അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുകയുണ്ടായി. അഡ്വഞ്ചർ പാർക്ക് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ വരുമാനമാർഗ്ഗം കൂടിയാണ്.

കേരളത്തിൽ നിലവിലുള്ള അഡ്വഞ്ചർ മേഖലകളെ കോർത്തിണക്കിക്കൊണ്ടുള്ള "അഡ്വഞ്ചർ ടൂർ പാക്കേജുകൾ" കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സംഘടിപ്പിക്കുന്നു. പ്രാദേശികമായി വരുമാനം ലഭിക്കുന്നതിനു പുറമേ സൊസൈറ്റിക്കും വരുമാനം ഇതിലൂടെ സാധ്യമാകുന്നു.

**5. <u>അഡ്വഞ്ചർ ആക്ടിവിറ്റികളുടെ മാർക്കറ്റിംഗ്</u>**

കേരളത്തിലെ സാഹസിക ടൂറിസം മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി വിവിധതരത്തിലുള്ള ട്രാവൽ എക്സിബിഷനുകളിൽ പങ്കെടുക്കുകയുണ്ടായി. കേരള ട്രാവൽ മാർട്ട് 2018, ATOAI കൺവെൻഷൻ അറക്കുവാലി തുടങ്ങിയവ പങ്കെടുത്ത ട്രാവൽ എക്സിബിഷനുകളാണ്.

**6. <u>സാഹസിക വിനോദ സഞ്ചാര മേഖലയിൽ മാനവവിഭവശേഷി ഉറപ്പ് വരുത്തുക.</u>**

മാനവവിഭവ ശേഷി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു അഡ്വഞ്ചർ ടൂറിസം അക്കാദമി തുടങ്ങുന്നതിനുള്ള പ്രവർത്തനം നടക്കുകയാണ്. അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശാസ്താം പാറയിൽ 12 ഏക്കറോളം വരുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തി. അക്കാദമി തുടങ്ങാനുള്ള തത്വത്തിലുള്ള

അംഗീകാരം നൽകിയിട്ടുണ്ട്. അക്കാദമി പ്രാവർത്തികമായാൽ കര, വ്യോമ, ജല മേഖലയിൽ വിവിധ അഡ്വഞ്ചർ ട്രെയിനിംഗ് കോഴ്സുകൾ നൽകുന്ന കേരളത്തിലെ ആദ്യ അക്കാദമിയാവും തിരുവനന്തപുരത്തെ ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി.

**സെക്ഷൻ ഓഫീസർ**